ഷെയറുകളായി പൊതുജനങ്ങളിൽനിന്നും ഇന്ത്യാക്കാരായ പ്രവാസികളിൽനിന്നും സമാഹരിക്കാനുമാണ് വിഭാവനം ചെയ്യുന്നത്. പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ഇളവുകൾ ലഭിച്ചശേഷമേ ഫണ്ട് സമാഹരണം സംബന്ധിച്ച അന്തിമ തീരുമാനങ്ങൾ സാദ്ധ്യമാകൂ.

(ഡി) കേന്ദ്രസർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പ്രവൃത്തി പരിചയവും 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. ഈ യോഗ്യതകൾ ഇല്ലാത്തതിനാൽ കമ്പനിക്ക് പദ്ധതി പ്രവർത്തനം ആരംഭിക്കാനായിട്ടില്ല. ടി നിബന്ധകൾക്ക് ഇളവ് ലഭിക്കുന്നമുറയ്ക്ക് ഈ പദ്ധതി പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വിഴിഞ്ഞം ഇ.പി.സി. ടെണ്ടർ നടപടികൾ

9 (*309) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഇ.പി.സി. ടെണ്ടർ ക്ഷണിച്ചതിനുശേഷം ആർ.എഫ്.ക്യു (Request for Qualification) യിൽ ഏതെല്ലാം ഘട്ടങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുകയുണ്ടായിട്ടുണ്ട് ;

(ബി) ഓരോ ഘട്ടത്തിലും വരുത്തിയ മാറ്റങ്ങളും അതിനുള്ള കാരണങ്ങളും വിശദമാക്കാമോ ; ആരുടെ ആവശ്യപ്രകാരമായിരുന്നു ഈ മാറ്റങ്ങൾ എന്നറിയിക്കുമോ ;

(സി) ലീസ് എഗ്രിമെന്റിനുപകരം ലൈസൻസ് എഗ്രിമെന്റ് മതി എന്ന് തീരുമാനിച്ചത് ആരുടെ ശിപാർശയിൻമേലാണ് ; എപ്പോഴായിരുന്നു ; ലൈസൻസ് എഗ്രിമെന്റ് വഴി എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) ലൈസൻസ് എഗ്രിമെന്റ് കാലാവധി തീരുന്നത് ഏത് തീയതിയിലായിരിക്കും ; അന്നുമുതൽ പദ്ധതി നടത്തിപ്പ് പൂർണ്ണമായും സംസ്ഥാനത്തിനു നിക്ഷിപ്തമാകുമോ ; അതു സംബന്ധമായ കരാറിലെ വ്യവസ്ഥകൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഇ.പി.സി. ടെണ്ടർ വിളിച്ചതിനുശേഷം ഇ.പി.സി. ടെണ്ടറിന്റെ ആർ.എഫ്.ക്യു.-ൽ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് :

Addendum 1: ആർ.എഫ്.ക്യു. ആപ്ലിക്കേൻ ഫീസ് അടയ്ക്കുന്നത് സംബന്ധിച്ച്.

Addendum 2: ബ്രേക്ക് വാട്ടറിന്റെയും ബെർത്തിന്റെയും നിർമ്മാണത്തിനായുള്ള ഇ.പി.സി. കരാറിലെ ആർ.എഫ്.ക്യു. തീയതികളിൽ വന്ന മാറ്റം.

Addendum 3: സാങ്കേതിക യോഗ്യതയിൽ പദ്ധതിക്ക് യോജ്യമായ മാറ്റങ്ങൾ വരുത്തി.

Addendum 4: കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽനിന്നുള്ള പാരിസ്ഥിതികാനുമതി ലഭ്യമായതുസംബന്ധിച്ച്.

Addendum 5-15: ബ്രേക്ക് വാട്ടറിന്റെയും ബെർത്തിന്റെയും നിർമ്മാണത്തിനായുള്ള ഇ.പി.സി. കരാറിലെ ആർ.എഫ്.ക്യു. തീയതികളിൽ വന്ന മാറ്റങ്ങൾ.

(ബി) ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായാണ് വിവിധ ഘട്ടങ്ങളിൽ മാറ്റങ്ങൾ വരുത്തിയത്. ആരുടെയും ആവശ്യപ്രകാരമല്ല ഈ മാറ്റങ്ങൾ വരുത്തിയത്.

(സി) 2010-ൽ സംസ്ഥാന സർക്കാർ അംഗീകരിച്ച ലോക ബാങ്കിന്റെ സ്വകാര്യ മേഖലാ വിഭാഗമായ ഐ.എഫ്.സി. തയ്യാറാക്കിയ കരട് കൺസഷൻ കരാറിൽ നടത്തിപ്പുകാരന് ലീസ് എഗ്രിമെന്റായി നൽകുവാനായിരുന്നു തീരുമാനം. പിന്നീട് 2013-ലെ ടെണ്ടറിൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ പ്ലാനിംഗ് കമ്മിഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള മാതൃകാ കൺസഷൻ കരാർ അനുസരിച്ചാണ് ടെണ്ടർ വിളിച്ചത്. കേന്ദ്ര സർക്കാരിന്റെ മാതൃകാ കൺസഷൻ കരാർ പ്രകാരം നടത്തിപ്പുകാരന് ലൈസൻസായി നൽകാനുള്ള വ്യവസ്ഥയാണുള്ളത്. കരട് കൺസഷൻ കരാർ സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഒരു ലീസ് എഗ്രിമെന്റിൽ കരാറുകാരന് ലഭിക്കാവുന്നതിനേക്കാൾ കരാർ സംബന്ധിച്ചും ഭൂമി സംബന്ധിച്ചും കുറഞ്ഞ അവകാശങ്ങളും അധികാരങ്ങളും മാത്രമാണ് ലൈസൻസ് എഗ്രിമെന്റിൽ കരാറുകാരന് ലഭിക്കുക. പദ്ധതി കാലയളവ് തീരുമ്പോഴോ അല്ലെങ്കിൽ കരാർ ലംഘനംമൂലം അവസാനിപ്പിക്കുമ്പോഴോ സംസ്ഥാന സർക്കാരിന് പദ്ധതിയും ഭൂമിയും തിരിച്ചെടുക്കുന്നത് കൂടുതൽ എളുപ്പത്തോടെ ചെയ്യാൻ ലൈസൻസ് എഗ്രിമെന്റ് പ്രകാരം സാധിക്കും.

(ഡി) കരാർ പ്രകാരം ലൈസൻസ് എഗ്രിമെന്റ് കാലാവധി 40 വർഷത്തേക്കാണ്. ഇതിൽ 4 വർഷത്തെ നിർമ്മാണ കാലയളവും ഉൾപ്പെട്ടും. പങ്കാളി സ്വന്തം മുതൽ മുടക്കിൽ തുടർച്ചയായ വികസന പ്രവർത്തനങ്ങൾ നടത്തുകയാണെങ്കിൽ മാത്രം പദ്ധതി കാലാവധി 20 വർഷത്തേക്ക് നീട്ടി കൊടുക്കാവുന്നതാണ്. കാലാവധി തീരുന്നമുറയ്ക്ക് തുറമുഖവും നടത്തിപ്പും പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാകും.

സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം

10 (*310) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനത്തെക്കുറിച്ചും സൗകര്യങ്ങളെക്കുറിച്ചും വിദ്യാർത്ഥികളുടെ ശാരീരിക, മാനസിക സുരക്ഷയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെ കുറിച്ചും പരിശോധിക്കാൻ നിലവിലുള്ള സംവിധാനത്തെക്കുറിച്ച് വ്യക്തമാക്കുമോ ;

(ബി) ഇതുപ്രകാരം ഏറ്റവും ഒടുവിൽ നടത്തിയ പരിശോധനയുടെ വിശദ വിവരം നൽകാമോ ;

(സി) കടുത്ത മൽസര സാഹചര്യങ്ങളും സഹവിദ്യാർത്ഥികളിൽനിന്നും അദ്ധ്യാപകരിൽ നിന്നുമുള്ള പെരുമാറ്റവും കുട്ടികളിൽ മാനസിക സമ്മർദ്ദമുണ്ടാക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത്തരം സാഹചര്യങ്ങൾ ഒഴിവാക്കാനുള്ള പ്രായോഗിക നടപടികളെക്കുറിച്ച് ആലോചിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൻകീഴിൽ രണ്ട് സ്പോർട്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ ജി.വി.എച്ച്. എസ്.എസ്. സ്പോർട്സ് (സ്പോർട്സ് ഡിവിഷൻ) എന്നിവയാണ് ഈ സ്കൂളുകൾ. തിരുവനന്തപുരം ജി.വി. രാജാ സ്കൂളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പരിശീലനം നൽകുന്നുണ്ട്.

കണ്ണൂർ സ്പോർട്സ് ഡിവിഷനിൽ പെൺകുട്ടികൾക്ക് മാത്രമാണ് പരിശീലനം നൽകുന്നത്. ജി.വി. രാജാ സ്പോർട്സ് സ്കൂളിൽ 60 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും

LIBRARY ARCHIVES Kerala Legislative Assembly